സകാത്ത് നിർണ്ണയ പട്ടിക

ക്രമ നമ്പർ	സകാത്ത് ബാധകമാകുന്ന ഇനങ്ങൾ	നിസാബ് (സകാത്ത് നിർബന്ധമാകുന്ന പരിധി)	നിർബന്ധമാകുന്ന കാലയളവ്	സകാത്ത് വിഹിതം	സകാത്ത് കണക്കാക്കുന്ന രീതി
1	സ്വർണ്ണം	85 ഗ്രാം/ മുകളിലേക്ക്	ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ	മൊത്തം സ്വർണ്ണ വിലയുടെ 2.5%	സ്വർണ്ണത്തിന്റെ തൂക്കം x ഒരു ഗ്രാമിന്റെ വില x 2.5 / 100
2	കറൻസി	595 ഗ്രാം വെള്ളിയുടെ വില	ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ	2.5%	ആകെ സംഖ്യ x 2.5 / 100
3	കച്ചവട വസ്തുക്കൾ	595 ഗ്രാം വെള്ളിയുടെ വില	ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ	2.5%	കച്ചവടച്ചരക്കുകളുടെ വിപണി മൂല്യം + കൈവശമുള്ള സംഖ്യ − വീട്ടാനുള്ള കടം x 2.5 / 100
4	വരുമാനങ്ങൾ വാടക, ശമ്പളം, കൂലി.....	595 ഗ്രാം വെള്ളിയുടെ വില	ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ	2.5%	കൈവശമുള്ള സംഖ്യ x 2.5 / 100
5	ഓഹരികൾ: ഉൽപ്പന്നാധിഷ്ഠിതം	595 ഗ്രാം വെള്ളിയുടെ വില (മൂല ധനം ഉൾപ്പെടെ)	ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ	2.5%	ഓഹരി വിഹിതം + ഡിവിഡന്റ് x 2.5 / 100
6	ഓഹരികൾ: സേവനാധിഷ്ഠിതം	595 ഗ്രാം വെള്ളിയുടെ വില (മൂല ധനം കഴിച്ച്)	ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ	2.5%	വരുമാനം x 2.5 / 100
7	കാർഷിക വിളകൾ: താനെയുണ്ടാകുന്നത്	612 കിലോഗ്രാം	വിളവെടുപ്പ് സമയം	10%	ധാന്യങ്ങളുടെ വില (വിളവെടുപ്പിനുള്ള ചെലവു കഴിച്ച്) x 10 / 100
8	കാർഷിക വിളകൾ: അധ്വാനമുണ്ടാകുന്നത്	612 കിലോഗ്രാം	വിളവെടുപ്പ് സമയം	5%	ധാന്യങ്ങളുടെ വില (വിളവെടുപ്പിനുള്ള ചെലവു കഴിച്ച്) x 5 / 100

അടിക്കുറിപ്പ്: സകാത്ത് കണക്ക് കൂട്ടുമ്പോൾ കടത്തിലേക്കായി മാറ്റിവെക്കുന്ന സംഖ്യ മാത്രമേ കുറക്കാവൂ
കാർഷിക വിളകൾക്ക് സ്വഹാബികളുടെ കാലത്ത് 300 സ്വാഅ് ആണ് അളവായി കണക്കാക്കിയത്. ഒരു സ്വാഅ് എന്നത് 2കിലോ 40 ഗ്രാം ഗോതമ്പ് ആണ്.

WISDOM
ISLAMIC ORGANIZATION

بسم الله الرحمن الرحيم

പ്രിയ സഹോദരന്മാരെ സഹോദരികളേ,

السلام عليكم و رحمة الله..

ഇസ്ലാമിലെ അനുഷ്ഠാന കാര്യങ്ങൾ അഞ്ചെണ്ണമാണെന്നറിയാമല്ലോ. അതിലൊന്നായ സകാത്തിനെക്കുറിച്ചാണ് ഈ കുറിപ്പ്. മുസ്ലിംകളിൽ നമസ്കാരവും നോമ്പും ഹജ്ജും നിർവ്വഹിക്കുന്നവർ പോലും സകാത്തിന്റെ കാര്യത്തിൽ വീഴ്ച വരുത്തുന്നതായി കാണുന്നു. സകാത്ത് കൊടുക്കുകയില്ലെന്ന നിലപാടുള്ളവർ ഇസ്ലാമിൽ നിന്നും പുറത്തുപോകുമെന്ന് പലരും മനസ്സിലാക്കിയിട്ടില്ല.

സകാത്ത് കൊടുക്കുന്നവർക്ക് അല്ലാഹു ധാരാളം ബർകത്തും അനുഗ്രഹങ്ങളും നൽകുന്നതാണ്. കഴിവുണ്ടായിട്ടും കൊടുക്കാത്തവരുടെ ശിക്ഷ കഠിനവുമാണ്. ഇക്കാര്യങ്ങൾ മനസിലാക്കിയ ഒരു മുസ്ലിം ഒരിക്കലും സകാത്തിൽ വീഴ്ച വരുത്തുകയില്ല

പലകാര്യങ്ങൾക്കും സ്വമേധയാ, അല്ലെങ്കിൽ നിർബന്ധിതമായി നാം പല സംഭാവനകളും നൽകാറുണ്ട്. അത് കൊണ്ട് മാത്രം സകാത്തിന്റെ ബാധ്യത വീടുകയില്ല. കൃത്യമായ കണക്ക് നോക്കി അർഹതപ്പെട്ടവർക്ക് എത്തിക്കുക തന്നെ വേണം. തോന്നുമ്പോൾ രണ്ടോ മൂന്നോ റക്അത്ത് നമസ്കരിച്ചാൽ പോരല്ലോ. സൗകര്യപ്പെടുമ്പോൾ മക്ക, മിന, അറഫ എന്നിവിടങ്ങളിൽ പോയാൽ ഹജ്ജാവുകയുമില്ല. എല്ലാ ആരാധനകൾക്കുമുണ്ട് കണക്കും സമയവും രീതിയും. അപ്രകാരം തന്നെയാണ് സകാത്തും.

സ്വർണ്ണം, വെള്ളി, വ്യാപാര വ്യവസായ തൊഴിൽ വരുമാനങ്ങളുൾപ്പെടെയുള്ള എല്ലാ ധനാഗമ മാർഗങ്ങളുമടങ്ങുന്ന നാണയ സമ്പത്ത്, കാർഷിക സമ്പത്ത്, കന്നുകാലി സമ്പത്ത് എന്നിങ്ങനെയാണ് ഇസ്ലാമിൽ സകാത്തിനെ വിവരിച്ചത്. കാലി സമ്പത്തിനെപ്പറ്റി ഇവിടെ പരാമർശിക്കുന്നില്ല. നമ്മുടെ നാട്ടിൽ പൊതുവെ കാലിവളർത്തുന്ന സമ്പ്രദായമില്ല എന്നതാണ് കാരണം. ആവശ്യക്കാർ ചോദിച്ച് പഠിക്കേണ്ടതാണ്.

കാർഷിക സമ്പത്ത്

ഭൂമിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന എല്ലാ ഉൽപ്പന്നങ്ങൾക്കും വിളവെടുക്കുമ്പോൾ നിശ്ചിത പരിധി (നിസാബ്) തികഞ്ഞാൽ സകാത്ത് കൊടുക്കണം

മുഖ്യാഹാരമായ അരിയെയാണ് നാം ഇവിടെ അടിസ്ഥാനമാക്കേണ്ടത്. 612 കിലോ മിതമായ അരി ലഭിക്കാവുന്ന നെല്ല് അല്ലെങ്കിൽ 612 കിലോ അരിയുടെ വിലക്കു തുല്യമായ സൂക്ഷിച്ചുവെക്കാവുന്ന ഭക്ഷ്യവസ്തുക്കളായ മറ്റു കാർഷിക വിളകൾ ലഭിക്കുന്ന വ്യക്തിക്ക്

കേരള സകാത്ത് സെൽ – വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ
രജി. നമ്പർ KKD/CA/616/2017 സി. വി. കോംപ്ലക്സ്, പി. വി. സാമി റോഡ്, കോഴിക്കോട്

സകാത്ത് നിർബന്ധമാണ്.

പറയത്തക്ക ചിലവുകളില്ലാതെ വളർന്നതും മേൽ പരിധിയിലെത്തിയതുമായ (ഈ വർഷത്തെ നിലവാരമനുസരിച്ച് 612 കിലോ അരിക്ക് ഏകദേശം 20500 രൂപ) ഉൽപ്പന്നങ്ങൾക്ക് പത്ത് ശതമാനം സകാത്തു നൽകണം.

വെള്ളം പമ്പു ചെയ്ത് വിളയിച്ചതാണെങ്കിൽ അഞ്ചുശതമാനം നൽകിയാൽ മതി. എന്നാൽ ഇത് രണ്ടിനുമിടയിൽ ഭാഗികമായി ചെലവുചെയ്തുണ്ടാക്കുന്ന കൃഷികളുടെ ഏഴര ശതമാനമാണ് നൽകേണ്ടത്. ഉൽപ്പന്നങ്ങൾ തന്നെയാണ് നൽകേണ്ടത്. അഥവാ അത് പ്രായോഗികമല്ലെങ്കിൽ വിറ്റു വില നൽകിയാലും മതി. വിളവെടുക്കുമ്പോഴാണ് കൃഷിയുടെ സകാത്ത് കൊടുക്കേണ്ടത്.

നാണയ സമ്പത്ത്

സ്വർണ്ണവും വെള്ളിയുമാണ് ഈ ഇനത്തിൽ വരുന്ന ഒരിനം. ഇവ ഇക്കാലത്ത് ഉപയോഗിക്കുന്ന നാണയങ്ങളല്ല. ആഭരണങ്ങളായാണ് നാം ഇവ ഉപയോഗിക്കുന്നത്. ആഭരണങ്ങൾ സ്ത്രീകൾക്ക് മതം അനുവദിച്ചിട്ടുള്ളതുമാകുന്നു. അതിനാൽ സ്വർണ്ണത്തിനും വെള്ളിക്കും ഇസ്ലാം നിർണ്ണയിച്ച സകാത്തിന്റെ പരിധി (നിസ്വാബ്)ക്ക് അധികമായാലേ ആഭരണങ്ങൾക്ക് സകാത്ത് കൊടുക്കേണ്ടതുള്ളൂ എന്നതാണ് സൂക്ഷ്മമായ നിലപാട്.

നബി (സ്വ)) നിർണ്ണയിച്ച പരിധി നമ്മുടെ ഇക്കാലത്തെ തൂക്കമനുസരിച്ച് സ്വർണ്ണത്തിന് 85 ഗ്രാമും വെള്ളിക്ക് 595 ഗ്രാമുമാണ്. ഈ പരിധിയെത്തിയാൽ മൊത്തം തൂക്കം പരിഗണിച്ച് സകാത്ത് കൊടുക്കണം. എന്നാൽ പണം സൂക്ഷിക്കുന്നതിന് പകരമായി ആഭരണമാക്കിയോ കോയിനുകളായോ സൂക്ഷിക്കുന്നതും ഉപയോഗപ്പെടാതെയിരിക്കുന്ന സ്വർണ്ണവും വെള്ളിയും നാണയത്തിന്റെ പരിധി കണക്കാക്കി (595 ഗ്രാം വെള്ളിയുടെ വില) സകാത്ത് കൊടുക്കേണ്ടതാണ്. തൻ വർഷത്തിൽ എത്രയാണോ വെള്ളിയുടെ മാർക്കറ്റ് വില അതനുസരിച്ച് സംഖ്യ കണക്കാക്കേണ്ടതാണ്.

കച്ചവടം, വ്യവസായം, ശമ്പളം, നിത്യകൂലി, വാടക തുടങ്ങി മറ്റു എല്ലാവിധ വരുമാനങ്ങൾക്കും വർഷത്തിലൊരിക്കൽ കണക്കു കൂട്ടി പരിധിയിലെത്തിയിട്ടുണ്ടെങ്കിൽ സകാത്ത് നൽകണം. വർഷത്തിന്നിടക്ക് ജീവിതത്തിലെ മിതമായ ആവശ്യങ്ങൾക്കുള്ള ചിലവ് കഴിച്ച് ബാക്കി വന്നതാണ് കണക്കാക്കേണ്ടത്. കയ്യിരുപ്പ്, കിട്ടുമെന്ന് ഉറപ്പുള്ള കടം, എക്കൗണ്ടിലുള്ള മിച്ചം, ബിസ്സിനസ്സിലേക്ക് മുടക്കിയിട്ട പണം എന്നിവ സകാത്തിനു പരിഗണിക്കണം. കൊടുക്കാനുള്ള അവധിയെത്തിയ കടം മൂലധനത്തിൽ നിന്ന് കുറക്കുകയും ചെയ്യണം

ചില നിർദ്ദേശങ്ങൾ

ഹിജ്റ വർഷമാണ് സമ്പത്തിന്റെ സകാത്ത് വർഷമായി കണക്കാക്കേണ്ടത്. റജബ് 10 നാണ് കച്ചവടം തുടങ്ങിയതെങ്കിൽ അടുത്ത വർഷം അതേ തീയതിക്ക് സകാത്ത് നിർബന്ധമാകുന്നു

മുസ്ലിം സമൂഹത്തിലെ ദാരിദ്ര്യമനുഭവിക്കുന്നവരുടെ പ്രയാസങ്ങൾ പരിഹരിച്ച് സുരക്ഷ ഉറപ്പാക്കുക എന്നതാണ് സകാത്തിന്റെ ഗുണഫലം. അതോടെ സമ്പത്ത് ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു

സകാത്ത് സംഭരണ വിതരണത്തിന് കൃത്യമായ സംവിധാനമുണ്ടാക്കിയാലെ അതിന്റെ യഥാർഥ ഗുണം സമൂഹത്തിന് ലഭിക്കുകയുള്ളൂ. കാര്യപ്രാപ്തിയുള്ള ഒരു വ്യക്തിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയുണ്ടാക്കി അർഹരായവരെ കണ്ടെത്തി ആവശ്യങ്ങൾ പരിഹരിക്കാൻ സംവിധാനമുണ്ടാകണം

ദാരിദ്ര്യമനുഭവിക്കുന്നവർക്കുള്ളതാണ് സകാത്ത്. പൊതു പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ഫണ്ടു ശേഖരണത്തിന് സകാത്തിന്റെ വിഹിതമല്ല മറ്റു ദാനധർമ്മങ്ങളുടെ വിഹിതമാണ് വിനിയോഗിക്കേണ്ടത്

തങ്ങൾ നൽകുന്ന സകാത്ത് അർഹരിലേക്ക് തന്നെ എത്തിക്കുന്നതിനു വേണ്ടി സകാത്ത് നൽകുന്നവർ ശ്രദ്ധിക്കുകയും സഹകരിക്കുകയും വേണം

സകാത്തിന്റെ വിശദാംശങ്ങളിൽ പണ്ഡിതന്മാർക്കിടയിൽ വ്യത്യസ്താഭിപ്രായങ്ങളുണ്ട്. അതിൽ വഴിമുട്ടി പ്രവർത്തനം തടസ്സപ്പെടേണ്ടതില്ല. സഹകരിക്കാവുന്നത്ര എല്ലാവരെയും കൂട്ടിപ്പിടിക്കുകയാണ് വേണ്ടത്

സമാപനം

എളുപ്പത്തിൽ പ്രയോഗവൽക്കരിക്കാനാവശ്യമായ മാർഗനിർദ്ദേശങ്ങൾ മാത്രമാണ് മേൽ സൂചിപ്പിച്ചത്. വിശദമായ പഠനങ്ങൾക്ക് തൽവിഷയകമായി പണ്ഡിതന്മാരോട് ചോദിച്ച് അറിവു നേടുക

സകാത്ത് നൽകി സമ്പത്ത് ശുദ്ധിയാക്കുന്നവർക്ക് അല്ലാഹു വർധനവ് നൽകുമെന്നും അല്ലാത്തവർക്ക് നാശവും നരകശിക്ഷയും ലഭിക്കുമെന്നും കുർആനും നബി ചര്യയും നമ്മെ പഠിപ്പിച്ചിരിക്കുന്നു. സകാത്ത് നൽകി ശുദ്ധീകരിക്കാത്ത ധനം തിന്നുന്നതും തീറ്റിക്കുന്നതും ഉപയോഗിക്കുന്നതും ഖേദത്തിന്നിടവരുത്തും തീർച്ച

നമുക്കൊരുമിക്കാം നല്ലൊരു സകാത്ത് സംവിധാനത്തിനു വേണ്ടി

അല്ലാഹു അനുഗ്രഹിക്കട്ടെ - ആമീൻ